(എ.എഫ്) മുകളിൽ ചേർത്തിരിക്കുന്ന ഓരോ വർഷത്തിനുനേരെയും കാണിച്ചിരിക്കുന്ന തുക വികസനത്തിനായി ചെലവഴിച്ചതുതന്നെയാണ്. സ്റ്റേറ്റ്മെന്റ് അനുബന്ധമായി† ചേർത്തിരിക്കുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

8 [10] *ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:*

„ *ജി. കാർത്തികേയൻ:*

„ *ഇ. എം. അഗസ്തി:*

„ *ജി. പ്രതാപവർമ്മ തമ്പാൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കി വരുന്നു;

(ബി) ഇതിൽ കേന്ദ്രത്തിന്റെ പൂർണ്ണസഹായം ഉള്ളവയും പകുതി സഹായമുള്ളവയും 25% സഹായമുള്ളവയും എത്ര വീതമാണ് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാറുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) സംസ്ഥാനത്ത് ഇപ്പോൾ എൻ.സി.ഡി.സി. സഹായമുള്ള പദ്ധതികൾ ഉൾപ്പെടെ 150 കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കിവരുന്നു. ഇതിൽ 78 പദ്ധതികൾ കേന്ദ്രത്തിന്റെ പൂർണ്ണ സഹായമുള്ളവയും 23 പദ്ധതികൾ 51 ശതമാനത്തിനും 99 ശതമാനത്തിനും ഇടയിൽ കേന്ദ്രസഹായം ലഭിക്കുന്നവയുമാണ്. മാത്രമല്ല, 50 ശതമാനം കേന്ദ്രസഹായം ലഭിക്കുന്ന 47 പദ്ധതികളും 50 ശതമാനത്തിൽ താഴെ കേന്ദ്രസഹായം ലഭിക്കുന്ന 2 പദ്ധതികളും നിലവിലുണ്ട്.

(സി) & (ഡി) പ്രസ്തുത പദ്ധതികൾ എല്ലാംതന്നെ സമയബന്ധിതമായി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

---

†അനുബന്ധം – V.

LIBRARY ARCHIVES Kerala Legislative Assembly